"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യൂ) വകുപ്പ് - കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ ക്ലൂവത്തൊട്ടി-അരമങ്ങാനം റോഡ് റീ ടാറിംഗ് പണിയിലെ ക്രമക്കേട് - വിജിലൻസ് മിന്നൽ പരിശോധന - ശ്രീ. ആർ. ജിഷി, അസിസ്റ്റന്റ് എഞ്ചിനീയർക്കെതിരെയുള്ള അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

G.O.(Rt) No.1033/2020/LSGD തീയതി,തിരുവനന്തപുരം, 02/06/2020

---

പരാമർശം:- 1 വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 07.06.2018-ലെ Vig-D2/410/2018-Vig നമ്പർ കത്ത്.

2 വിജിലൻസ് ഡയറക്ടറുടെ 04.05.2018-ലെ E 18(SC51/17/KSD) 27996/17 നമ്പർ കത്ത്.

3 01.07.2019-ലെ EW2/80/2018/LSGD നമ്പർ കുറ്റപത്രം /കുറ്റാരോപണ പത്രിക.

4 01.10.2019 തീയതിയിൽ ശ്രീ. ആർ. ജിഷി, അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രിക

5 തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 21.12.2019 -ലെ ഇ11/11053/19/സി.ഇ/തസ്വഭവ നം. കത്ത്.

**ഉത്തരവ്**

കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ ക്ലൂവത്തൊട്ടി - അരമങ്ങാനം റോഡ് റീ ടാറിംഗ് പണിയിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ കാസർഗോഡ് യൂണിറ്റ് ഒരു അന്വേഷണം നടത്തുകയും റിപ്പോർട്ട് തുടർ നടപടികൾക്കായി വിജിലൻസ് ഡയറക്ടർ സർക്കാരിലേക്ക് ലഭ്യമാക്കുകയുമുണ്ടായി. വിജിലൻസ് വകുപ്പ് അന്വേഷണ ഉദ്യോഗസ്ഥന്റെ ശിപാർശകൾ അംഗീകരിക്കുകയും അപ്രകാരം നടപടി സ്വീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം റിപ്പോർട്ടിന്റെ പകർപ്പ് ഈ വകുപ്പിലേക്ക് ലഭ്യമാക്കുകയുമുണ്ടായി.

2. പരാമർശം (2) പ്രകാരമുള്ള വിജിലൻസ് ഡയറക്ടറുടെ റിപ്പോർട്ടിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

i) Ch 0/000 കി.മീ വരെ റോഡ് പൂർണ്ണമായും തകർന്ന നിലയിൽ കാണുന്നു.

ii) Chipping Carpet ചെയ്യുന്നതിനു മുമ്പായി Wet mix, Pot hole measurement എടുക്കേണ്ടതാണ്. ആയത് എൽ.എസ്.ജി.ഡി അസി.എഞ്ചിനീയർ ചെയ്തതായി കാണുന്നില്ല.

3. അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് ഉത്തരവാദിയായ ശ്രീ. ആർ. ജിഷി, അസിസ്റ്റന്റ് എഞ്ചിനീയർ (പെൻ നം. 618334) ക്കെതിരായി വകുപ്പുതല നടപടി

സ്വീകരിക്കുന്നതിനുള്ള വിജിലൻസ് ഡയറക്ടറുടെ ശിപാർശ യുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതനായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ആർ. ജിഷിയ്ക്കെതിരായി ഈ വകുപ്പിൽ നിന്നും 1960 -ലെ കേരള സിവിൽ സർവീസസ് (CC &A) റൂൾസിലെ ചട്ടം-16 അനുസരിച്ചുള്ള കുറ്റപത്രം/ കുറ്റാരോപണ പത്രിക എന്നിവ പരാമർശം (3) പ്രകാരം നൽകുകയുണ്ടായി.

4. ആയതിന് ടിയാൻ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എൻജിനീയർ മുഖാന്തിരം പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ, വേനൽ മഴ തുടങ്ങിയതിനാൽ റീ ടാറിംഗ് ചെയ്യുന്നത് പ്രായോഗികമല്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയറും, ഓവർസിയറും കരാറുകാരനോട് നിർദ്ദേശിച്ചിരുന്നെങ്കിലും കരാറുകാരൻ പ്രദേശവാസികളുടെ സമ്മർദ്ദം മൂലം ഉദ്യോഗസ്ഥരെ അറിയിക്കാതെ പ്രവൃത്തി നടപ്പിലാക്കിയതുമൂലമാണ് പ്രീമെഷർമെൻറ്സ് രേഖപ്പെടുത്താൻ കഴിയാതെ പോയതെന്നും ശക്തമായ മഴയിൽ നനഞ്ഞ റോഡിന്റെ പ്രതലത്തിൽ പ്രവൃത്തി നടപ്പിലാക്കിയതാണ് റോഡ് തകരാൻ ഇടയായത് എന്നും ബോധിപ്പിക്കുകയുണ്ടായി.

5. കുറ്റാരോപിതനായ ശ്രീ. ആർ. ജിഷി, അസിസ്റ്റന്റ് എഞ്ചിനീയർ പ്രതിവാദ പത്രികയിൽ പറഞ്ഞിട്ടുള്ളത് പോലെ കരാറുകാരനോട് ടാറിംഗ് ചെയ്യുന്നത് പ്രായോഗികമല്ല എന്ന് രേഖാമൂലം നിർദ്ദേശം നൽകിയതായി കാണുന്നില്ല എന്നും പ്രീമെഷർമെന്റ് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത് പ്രവൃത്തി തുടങ്ങുന്നതിനു മുമ്പായി ഏതു സമയത്തു വേണമെങ്കിലും രേഖപ്പെടുത്താമായിരുന്നുവെന്നും പ്രവൃത്തി കഴിഞ്ഞുണ്ടായ മഴ കാരണം ടാറിംഗിന് ആവശ്യമായ ബ്ലീഡിംഗ് ടൈം കിട്ടാത്തതാണ് റോഡ് തകരാൻ കാരണമായത് എന്നും പരാമർശം (5) പ്രകാരമുള്ള റിപ്പോർട്ടിൽ ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ചെയിനേജ് 0 മുതൽ 1290 വരെ കരാറുകാരനെക്കൊണ്ട് വീണ്ടും റീടാറിംഗ് ചെയ്യിപ്പിച്ചതിന് ശേഷം മാത്രമാണ് പേയ്മെന്റ് നൽകിയതെന്നും ടി റോഡിന്റെ അപാകത പരിഹരിച്ചിട്ടുണ്ടെന്നും ചീഫ് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപിതന്റെ പ്രതിവാദ പത്രിക, അതിന്മേൽ ചീഫ് എൻജിനീയറുടെ അഭിപ്രായ കുറിപ്പ് എന്നിവ പരിശോധിച്ചതിൽ നിന്നും ശക്തമായ വേനൽ മഴയിൽ നനഞ്ഞ റോഡിന്റെ പ്രതലത്തിൽ പ്രവൃത്തി നടത്തിയതിനാലാണ് റോഡ് തകരാൻ ഇടയായതെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലും ഇത് സംബന്ധിച്ച ടിയാന്റെ വിശദീകരണത്തിൽ കരാറുകാരൻ സ്വമേധയാ ചെയ്ത പ്രവൃത്തിയാണെന്നും തനിക്ക് പങ്കില്ലെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് സാധൂകരിക്കുന്ന തെളിവുകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ലാത്തതിനാലും ശ്രീ. ആർ. ജിഷി, അസിസ്റ്റന്റ് എഞ്ചിനീയർ ക്കെതിരെ ഈ വകുപ്പിൽ ആരംഭിച്ചിട്ടുള്ള അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കുന്നതിനുള്ള താത്കാലിക തീരുമാനം കൈക്കൊള്ളുകയും അതിന്മേൽ വിജിലൻസ് വകുപ്പിന്റെ അഭിപ്രായം തേടുകയുമുണ്ടായി. ഈ വകുപ്പിന്റെ താത്കാലിക തീരുമാനത്തോട് വിജിലൻസ് വകുപ്പ് യോജിപ്പ് അറിയിച്ചിട്ടുണ്ട്.

7. വസ്തുതകൾ സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വീഴ്ചകൾ ഭാവിയിൽ അവർത്തിക്കാതിരി ക്കുന്നതിനായി ശ്രീ. ആർ. ജിഷി, അസിസ്റ്റന്റ് എഞ്ചിനീയർ (പെൻ നം. 618334) ക്കെതിരെ ഈ വകുപ്പിൽ ആരംഭിച്ചിട്ടുള്ള അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BIJUKUTTAN.M.S
ADDITIONAL SECRETARY

പകർപ്പ്

1.ശ്രീ. ആർ. ജിഷി, അസിസ്റ്റന്റ് എഞ്ചിനീയർ (പെൻ നം. 618334) (തസ്വഭവ ചീഫ് എഞ്ചിനീയർ മുഖാന്തിരം).
2.ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3.സെക്രട്ടറി, ചെമ്മനാട് ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.
4.അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള.
5.തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂ-3) വകുപ്പ്.

6.വിജിലൻസ് (ഡി) വകുപ്പ്.

7.ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
8.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
9.കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by
SREEKANTH G
Date: 2020.06.03 11:16:25 IST
Reason: Approved
സെക്ഷൻ ഓഫീസർ